32 (1626) ഫോറൻസിക് ലബോറട്ടറിയിലെ കേസ്സുകൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡോക്യുമെന്റ് ഡിവിഷനിൽ സിവിൽ വിഭാഗത്തിലും, ക്രിമിനൽ വിഭാഗത്തിലും കൂടി എത്ര കേസ്സുകളിന്മേൽ റിപ്പോർട്ട് നൽകുവാനുണ്ട്;

(ബി) ഈ വർഷം ഈ വിഭാഗത്തിൽ എത്രകേസ്സുകൾ റിപ്പോർട്ടിനായി ലഭിച്ചു, ഇതിൽ എത്ര കേസ്സുകളുടെ പരിശോധന പൂർത്തിയാക്കി റപ്പോർട്ട് നൽകി ;

(സി) പ്രസ്തുത ലബോറട്ടറിയിലെ എത്ര സയന്റിഫിക്ക് അസിസ്റ്റന്റുമാർക്ക് ഡോക്യുമെന്റ് പരിശോധനയ്ക്കുവേണ്ട പരിശീലനം നൽകിയിട്ടുണ്ട്;

(ഡി) ഫോറൻസിക് സയൻസ് വകുപ്പിലെ ജില്ലാ ഓഫീസുകളിൽ നിയമിച്ചിരിക്കുന്ന സയന്റിഫിക്ക് അസിസ്റ്റന്റുമാർ ഇപ്പോൾ എന്തെല്ലാം ജോലികളാണ് ചെയ്യുന്നത്;

(ഇ) ഇവർക്ക് എന്ത് ട്രെയിനിംഗാണ് നൽകിയിരിക്കുന്നത്, ഇതിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ;

(എഫ്) ഡോക്യുമെന്റ് പരിശോധനാ പരിശീലനത്തിന്റെ കുറവു കൊണ്ട് ഡോക്യുമെന്റ് പരിശോധന നടത്തി റിപ്പോർട്ട് കൊടുക്കുന്ന കാര്യത്തിൽ കാലതാമസം നേരിടുന്നുണ്ടോ;

(ജി) എങ്കിൽ അതിനുള്ള പരിഹാരം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 248 കേസ്സുകളിൽ

(ബി) 172 കേസ്സുകൾ റിപ്പോർട്ടിനായി ലഭിച്ചു. ഇതിൽ 33 കേസ്സുകളുടെ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) സയന്റിഫിക് അസിസ്റ്റന്റുമാർക്ക് ഡോക്യുമെന്റ് പരിശോധന ഉൾപ്പെടെ എല്ലാ ശാഖകളിലും ആവശ്യം വേണ്ട പരിശീലനം നൽകുന്നുണ്ട്.

(ഡി) കുറ്റകൃത്യം നടന്ന സ്ഥലം ശാസ്ത്രീയമായി പരിശോധിക്കുകയും, വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക, സംഭവ സ്ഥലത്തുനിന്നും ശേഖരിക്കുന്ന ലക്ഷ്യം വക സാധനങ്ങളും തെളിവുകളും പരിശോധിക്കുകയും, വിശദപരിശോധനയ്ക്കായി തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നതിലേയ്ക്കായി അന്വേഷണ ഉദ്യോഗസ്ഥനെ ഏൽപ്പിക്കുക, ഇപ്രകാരം പരിശോധിച്ച് കുറ്റകൃത്യങ്ങളുടെ ഉൽഭവ സ്ഥലത്തെക്കുറിച്ചുള്ള റിപ്പോർട്ടുകളും നിഗമനങ്ങളും കുറ്റാന്വേഷണ ഉദ്യോഗസ്ഥനെ ഏൽപ്പിക്കുകയും ഫോറൻസിക് ലബോറട്ടറി ഡയറക്ടറെ അറിയിക്കുകയും ചെയ്യുക, കോടതിയിൽ ആവശ്യമായ തെളിവുകൾ നൽകുക, ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ നിർദ്ദേശിക്കുന്ന മറ്റ് ശാസ്ത്രീയ പരിശോധനകളും അതിനോടനുബന്ധിച്ചുള്ള കൃത്യങ്ങളും നിർവ്വഹിക്കുക തുടങ്ങിയ ജോലികളാണ് ചെയ്യുന്നത്.

(ഇ) ഇവർക്ക് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ കൃത്യനിർവ്വഹണത്തിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല.

(ജി) മുകളിൽ (എഫ്) പിരിവിന് നൽകിയിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

33 (1627) പോലീസ് കോൺസ്റ്റബിൾ ആയിരിക്കേ മരിച്ച വേണുഗോപാലിന്റെ കുടുംബപെൻഷൻ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എ.ആർ. പോലീസ് കോൺസ്റ്റബിൾ ആയിരുന്ന പരേതനായ വേണുഗോപാലന്റെ കുടുംബത്തിന് അർഹമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പെൻഷന് അർഹമായ സർവ്വീസ് കാലാവധി എന്നു മുതലാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഇങ്ങനെ പെൻഷൻ കണക്കാക്കിയതിൽ അപാകതയുണ്ടെന്നും അത് പരിഹരിക്കണമെന്നും കാണിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 28-2-99 മുതൽ കുടുംബ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഡി.സി.ആർ. ജി. മുതലായ ആനുകൂല്യങ്ങൾ നൽകുന്നത് അക്കൗണ്ടന്റ് ജനറലിന്റെ പരിഗണനയിലാണ്.

(ബി) 30-9-1976 മുതൽ.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) വേണുഗോപാലിനെ 1971-ൽ പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്തിരുന്നുവെങ്കിലും ടിയാന്റെ പേരിൽ ഒരു ക്രിമിനൽ കേസ്സ് നിലവിലുണ്ടായിരുന്നതിനാൽ ടി കേസ്സ് തീർപ്പായതിനുശേഷം 30-9-76-ൽ ആണ് ടിയാനെ സർവ്വീസിൽ പ്രവേശിപ്പിച്ചത്. പരാതിയിൽ ടിയാൻ സർവ്വീസിൽ ഇല്ലാതിരുന്ന 1971 മുതൽ 30-9-76 വരെയുള്ള കാലഘട്ടം കൂടി കണക്കാക്കി പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ സർവ്വീസിലില്ലാത്ത കാലഘട്ടം പെൻഷന് കണക്കാക്കാൻ നിർവാഹമില്ലായെന്ന വിവരം പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്.

34 (1628) അവിവാഹിതരായ പെൺമക്കൾക്ക് ആജീവനാന്തം കുടുംബ പെൻഷൻ നൽകുന്ന പദ്ധതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത സർക്കാർ ജീവനക്കാരുടെ അവിവാഹിതരായ പെൺമക്കൾക്ക് ആജീവനാന്ത കുടുംബ പെൻഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly